10. ഗവൺമെന്റ് ഹൈസ്കൂൾ, മാരായമംഗലം
11. ഗവൺമെന്റ് ഹൈസ്കൂൾ, ചുണ്ടൻപേട്ട
12. പുത്തൂർ ട്രൈബൽ ഗവൺമെന്റ് ഹൈസ്കൂൾ, പുത്തൂർ

(ഇ) തോലന്നൂർ ഗവൺമെന്റ് ഹൈസ്കൂളിൽ പ്ലസ്ടു പുതുതായി തുടങ്ങുന്ന കാര്യം തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

എടത്തനാട്ടുകര ജി.ഒ.എച്ച്.എസ്.എസ്.-ൽ പ്ലസ് വൺ സയൻസ് ഗ്രൂപ്പ് അനുവദിക്കുന്നതിന് നടപടി

125 [744] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ എടത്തനാട്ടുകര ജി.ഒ.എച്ച്.എസ്.എസ്.-ൽ പ്ലസ് വൺ സയൻസ് ഗ്രൂപ്പ് അനുവദിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അടിയന്തിര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) എടത്തനാട്ടുകര ജി.ഒ.എച്ച്.എസ്.എസ്.-ൽ ഒരു ഹ്യൂമാനിറ്റീസ് ബാച്ചും ഒരു കോമേഴ്സ് ബാച്ചും ആണ് ഉള്ളത്. സൗകര്യങ്ങളുടെ അപര്യാപ്തതമൂലം പ്രസ്തുത സ്കൂൾ സയൻസ് ബാച്ചിന് അപേക്ഷിച്ചിട്ടില്ല.

കൂടുതൽ പ്ലസ്ടു സീറ്റുകൾ അനുവദിക്കുന്നതിന് നടപടി

126 [745] ശ്രീ. ടി. വി. ചന്ദ്രമോഹൻ:
,, കെ. എ. ചന്ദ്രൻ:
,, എ. പി. അനിൽകുമാർ:
,, ജോർജ് ജെ. മാത്യു:
,, പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ ആയിരത്തിലധികം വിദ്യാർത്ഥികളെ പരീക്ഷയ്ക്കിരുത്തിയ എത്ര വിദ്യാലയങ്ങളുണ്ടായിരുന്നു എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly